സി3/7235/2015/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 22.04.2016

## <u>സർക്കുലർ</u>

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമനം നല്കിയ അംഗപരിമിതരായ ജീവനക്കാർക്ക് വാർഷിക വർദ്ധനവ് അനുവദിയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 03-02-2016 തീയതിയിലെ സ.ഉ (അച്ചടിച്ചത്) നം. 01/16/സാ.നീ.വ നമ്പർ ഉത്തരവ്.
2. 01-3-2016 തീയതിയിലെ ശ്രീ.സി.അച്യുതമേനോൻ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളിന്റെ ബി1/Estt/01/2016 നമ്പർ കത്ത്.
3. 02-04-2016 തീയതിയിലെ ആറ്റിങ്ങൽ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളിന്റെ ബി1/296/2016/ജി.സി.എ നമ്പർ കത്ത്.

ഈ വകുപ്പിൻ കീഴിലെ വിവിധ സ്ഥാപനങ്ങളിൽ 16-08-1999 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി സേവനമനുഷ്ഠിച്ചിരുന്ന അംഗപരിമിതരെ സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിച്ചിരുന്നു ഈ ജീവനക്കാരുടെ സേവനവ്യവസ്ഥകളെക്കുറിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് നിയമന ക്രമീകരണം നടത്തി ഉത്തരവാകാതെയും പ്രൊബേഷൻ പൂർത്തികരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കാതെയും വാർഷികവർദ്ധനവ് അനുവദിക്കാമോയെന്ന് പരാമർശം (2 ,3) പ്രകാരം പ്രിൻസിപ്പാൾമാർ ആവശ്യപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിലും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിക്കപ്പെട്ടിട്ടുള്ള അംഗപരിമിതരായ ജീവനക്കാരെ സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിക്കപ്പെട്ടിട്ടുള്ളതിനാൽ ഈ ജീവനക്കാർക്ക് നിയമനക്രമീകരണത്തിന്റെയോ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചു കൊണ്ടുള്ള ഉത്തരവിന്റെയോ ആവശ്യം ഇല്ലാത്തതിനാൽ ടി ജീവനക്കാർക്ക് അർഹമായ വാർഷിക വർദ്ധനവ് മറ്റുതരത്തിൽ അർഹമാണെങ്കിൽ അനുവദിയ്ക്കാവുന്നതാണ്.

ഒപ്പ്/-
വി.വിലാസചന്ദ്രൻ നായർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എല്ലാ പ്രിൻസിപ്പാൾമാർ/ ഡെപ്യൂട്ടി ഡയറക്ടർമാർ/വാർഡൻമാർ

//അംഗീകാരത്തോടെ//



സൂപ്രണ്ട്

വി.എസ്. 25.04.2016